"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - കോഴിക്കോട്, ചാലപ്പുറം, സാമോരിൻസ് ഹയർ സെക്കന്ററി സ്കൂൾ മാനേജർ സമർപ്പിച്ച റിട്ട് ഹർജി നം. 6739/2023-യിലെ ബഹു. ഹൈക്കോടതിയുടെ 28.02.2023 ലെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.4160/2024/GEDN തീയതി,തിരുവനന്തപുരം, 02-07-2024

---

പരാമർശം:-

1. റിട്ട് ഹർജി നം. 6739/2023-യിലെ ബഹു. ഹൈക്കോടതിയുടെ 28.02.2023 ലെ വിധിന്യായം.
2. കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 18.11.2023 ലെ ബി5/10502/2021/ഡി.ഡി.ഇ നം. കത്ത്.
3. കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 20.09.2023 തീയതിയിലെ ബി3/4166/2020 നം. കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 30.12.2023 തീയതിയിലെ ഡി.ജി.ഇ /21215/2023/വി.ബി3 നം. കത്ത്.
5. കോഴിക്കോട്, ചാലപ്പുറം, സാമോരിൻസ് ഹയർ സെക്കന്ററി സ്കൂൾ മാനേജർ ഫയൽ ചെയ്ത Con.Case (C) No.1430/2024 നം. കോടതി അലക്ഷ്യക്കേസ്.

**<u>ഉത്തരവ്</u>**

കോഴിക്കോട്, ചാലപ്പുറം, സാമോരിൻസ് ഹയർ സെക്കന്ററി സ്കൂൾ മാനേജർ സമർപ്പിച്ച റിട്ട് ഹർജി നം.6739/2023-യിലെ ബഹു. ഹൈക്കോടതിയുടെ പരാമർശം (1) വിധിന്യായത്തിൽ ഹർജിക്കാരന്റെ എക്സിബിറ്റ് പി 29 നിവേദനം പരിഗണിച്ച് , ഹർജിക്കാരനും 5-ാം എതിർകക്ഷിക്കും നോട്ടീസ് നല്കി, വിധിന്യായം കൈപ്പറ്റി 2 മാസത്തിനകം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ 1-ാം എതിർ കക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം 26.09.2023 ന് നേരിൽ കേട്ടു. ഹർജിക്കാരന്റെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഉദ്യോഗസ്ഥരുടെയും വാദഗതികൾ ചുവടെചേർക്കുന്നു.

**<u>മാനേജർ</u>**

3. കോഴിക്കോട് വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട ചാലപ്പുറം സമോറിൻസ് ഹയർ സെക്കന്ററി സ്കൂളിൽ എഫ്.ടി.എം. തസ്തികയിൽ 01-03-2005 മുതൽ സേവനം അനുഷ്ഠിച്ചുവന്നിരുന്ന ശ്രീ.കെ.ശിവദാസ് പണം തട്ടിപ്പ് വിശ്വാസവഞ്ചന തുടങ്ങിയ ഗുരുതരമായ ക്രിമിനൽ കുറ്റകൃത്യങ്ങൾ നടത്തിയതായി തെളിയിക്കപ്പെട്ട സാഹചര്യത്തിൽ, ടിയാൾക്കെതിരെ മാനേജർ സ്വീകരിച്ച അച്ചടക്ക നടപടികൾ അവസാനിപ്പിക്കുന്ന വിഷയമാണ് കോടതിവിധിക്ക്

അനുസൃതമായി പരിഗണിക്കേണ്ട എക്സിബിറ്റ് പി2 9 ഹർജിയിൽ മാനേജർ സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്.

4. ശ്രീ.കെ.ശിവദാസിനെ 01.03.2005 പ്രാബല്യത്തിൽ മാനേജർ പ്രസ്തുത സ്കൂളിൽ എഫ്ടി.എം തസ്തികയിൽ നിയമിക്കുകയും നിയമനാംഗീകാരത്തോടെ തുടർന്നുവരികയുമായിരുന്നു. സമോറിൻസ് ഹയർസെക്കന്ററി സ്കൂളിൽ എച്ച്എസ്.ടി (ഹിന്ദി) തസ്തികയിൽ ഒഴിവുണ്ടെന്നും പ്രസ്തുത തസ്തികയിലേക്ക് നിയമിക്കപ്പെടുന്നതിന് 5 ലക്ഷം രൂപ നൽകുന്ന പക്ഷം ജോലി ശരിപ്പെടുത്താമെന്നും വിശ്വസിപ്പിച്ച് ശ്രീ.കെ.ശിവദാസൻ ശ്രീമതി.മിമിഷ മുരളീകൃഷ്ണൻ എന്ന ആളിൽ നിന്നും തുക കൈപ്പറ്റിയതായി പരാതി ലഭിച്ചു. പ്രസ്തുത തുക മാനേജരെ ഏൽപ്പിച്ചുകൊള്ളാമെന്നും ടിയാൾ ശ്രീമതി.മിമിഷ കൃഷ്ണനെ അറിയിക്കുകയും ചെയ്തിരുന്നതായും പരാതിയിൽ പറയുന്നു. പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ ശ്രീശിവദാസന്റെ ഭാഗത്തുനിന്നും അച്ചടക്കലംഘനവും ഗുരുതരമായ പെരുമാറ്റ ദൂഷ്യവും സ്കൂളിന് അപകീർത്തികരമായ വിധത്തിൽ പ്രവർത്തിക്കുന്നു എന്നുമുള്ള കാരണത്താൽ ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാതിരിക്കാൻ കാരണം കാണിക്കുന്നതിനുള്ള നോട്ടീസ് മാനേജർ ടിയാൾക്ക് രേഖാമൂലം നൽകി.

5. കാരണം കാണിക്കൽ നോട്ടീസ് ലഭിച്ചതിനെ തുടർന്ന് താൻ 5 ലക്ഷം രൂപ ശ്രീമതി.മുരളീകൃഷ്ണയിൽ നിന്നും വാങ്ങിയതായും എന്നാൽ അവർ ഫോണിൽ വിളിച്ചപ്പോൾ താൻ പ്രസ്തുത തുക മാനേജർക്ക് നൽകി എന്നു പറഞ്ഞത് ശരിയല്ലെന്നും ഇതിന്റെ പേരിൽ മാനേജർക്കോ സ്ഥാപനത്തിനോ ഒരു ബന്ധവുമില്ല എന്നും അതിന്റെ പൂർണമായ ഉത്തരവാദിത്വം തനിക്കാണെന്നുമുള്ള കുറ്റം സമ്മതിച്ചുകൊണ്ടുള്ള വിചിത്രമായ വിശദീകരണമാണ് ശ്രീ.ശിവദാസൻ മാനേജർക്ക് നൽകിയത്.

6. ശ്രീ.ശിവദാസൻ കുറ്റകൃത്യം സമ്മതിച്ചിട്ടുള്ളതിനാലും ടിയാനെതിരെ നടപടിയെടുക്കാതിരിക്കുന്നതിന് തൃപ്തികരമല്ലാത്ത വിശദീകരണമായതിനാലും അച്ചടക്കനടപടിക്ക് വിധേയമായി ടിയാനെ 17.09.2020 പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് മാനേജർ ഉത്തരവ് പുറപ്പെടുവിച്ചു. കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 14എയിലെ ചട്ടം 67(8) പ്രകാരം ഒരു എയ്ഡഡ് സ്കൂൾ ജീവനക്കാരനെ മാനേജർ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുന്ന പക്ഷം പ്രസ്തുത ചട്ട പ്രകാരം സസ്പെൻഷന് ആധാരമായ കാര്യങ്ങളിൽ പ്രാഥമിക അന്വേഷണം നടത്തുന്നതിന് അന്നേ ദിവസം തന്നെ ആയത് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസറെ അറിയിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

7. തുടർന്ന് കോഴിക്കോട് ജില്ലാവിദ്യാഭ്യാസ ഓഫീസർ ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകിയ ശേഷം 27.09.2020-ന് പ്രാഥമിക അന്വേഷണം നടത്തുകയും ശ്രീ.ശിവദാസനെതിരെയുള്ള ആരോപണത്തിൽ കഴമ്പുണ്ടെന്ന് ബോദ്ധ്യപ്പെട്ട് 15 ദിവസത്തിലധികം കാലയളവിലേക്ക് ടിയാളെ സസ്പെൻഷനിൽ നിർത്താൻ മാനേജർക്ക് അനുമതി നൽകി ഉത്തരവായി. അച്ചടക്ക നടപടികളുടെ ഭാഗമായി ശിവദാസൻ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 14എ-യിലെ ചട്ടം 75 പ്രകാരമുള്ള കുറ്റപത്രവും ആരോപണ പത്രികയും ടിയാന് നല്കിയിട്ടുള്ളതാണ്.

8. കുറ്റപത്രത്തിന്മേലുള്ള ശ്രീ.ശിവദാസന്റെ പ്രതിവാദപ്രതിക ലഭിച്ചതിനെ തുടർന്ന് അച്ചടക്കനടപടികളുടെ പൂർത്തീകരണത്തിനായി കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം

14എ-യിലെ ചട്ടം 7 5 പ്രകാരമുള്ള വിശദമായ അന്വേഷണം നടത്തുന്നതിനും അപ്രകാരം അച്ചടക്കനടപടികൾ പൂർത്തീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് മാനേജർ കോഴിക്കോട് ജില്ലാവിദ്യാഭ്യാസ ഓഫീസറെ അറിയിക്കുകയുമുണ്ടായി. പണം തട്ടിപ്പ് വിശ്വാസ വഞ്ചന, സ്കൂളിന് അപകീർത്തികരമായ പ്രവർത്തനങ്ങൾ എന്നീ കുറ്റകൃത്യങ്ങൾ ശ്രീശിവദാസന്റെ ഭാഗത്തുനിന്നും ഉണ്ടായതിനെതിരെ മാനേജർ കോഴിക്കോട് കസബ പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയും പരാതിയിന്മേലുള്ള പ്രഥമ വിവര റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രിമിനൽ കേസ് നിലവിലുള്ളതുമാണ്.

9. ശ്രീ.ശിവദാസൻ ജോലി വാഗ്ദാനം ചെയ്ത് പണം തട്ടിപ്പ് നടത്തിയതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് കസബ പോലീസ് സ്റ്റേഷനിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിലും ടിയാനെതിരെ ക്രിമിനൽ കേസ് ഫയൽചെയ്യപ്പെട്ടിട്ടുള്ളതാണ്. മാനേജർ ശ്രീ ശിവദാസന് കുറ്റപത്രവും ആരോപണ പത്രികയും നൽകുകയും ആയതിന് ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രിക തൃപ്തികരമല്ലാത്തതിനാൽ അച്ചടക്ക നടപടികളുടെ ഭാഗമായി കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 14എ യിലെ ചട്ടം 75 പ്രകാരമുള്ള വിശദമായ അന്വേഷണ നടപടികൾ സ്വീകരിക്കുന്നതിന് മാനേജർ ജില്ലാ വിദ്യാഭ്യാസ ഓഫീസറോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ, ജില്ലാവിദ്യാഭ്യാസ ഓഫീസർ ചട്ടം 75 പ്രകാരമുള്ള അന്വേഷണം നടത്തി മാനേജർക്ക് റിപ്പോർട്ട് സമർപ്പിക്കാതെ ടിയാനെ സർവ്വീസിൽ എത്രയും വേഗം പുനഃപ്രവേശിപ്പിക്കുന്നതിനുള്ള നിർദ്ദേശമാണ് മാനേജർക്ക് നൽകിയത്. ശ്രീ.ശിവദാസനെതിരെയുള്ള പോലീസ് അന്വേഷണം പൂർത്തീകരിച്ചതിന് ശേഷം മാത്രമേ ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂവെന്ന ചട്ടത്തിന് വിരുദ്ധമായ നിലപാടാണ് കോഴിക്കോട് ജില്ലാവിദ്യാഭ്യാസ ഓഫീസർ സ്വീകരിച്ചത്.

10. കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ ശ്രീ.ശിവദാസനെതിരെയുള്ള അച്ചടക്ക നടപടി സംബന്ധിച്ച വിഷയത്തിൽ ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തി ഹിയറിംഗ് നടത്തി. ശ്രീ ശിവദാസൻ പൊതുജനങ്ങളിൽ നിന്നും പണം കൈപ്പറ്റി എന്നതാണ് സസ്പെൻഷന് അടിസ്ഥാനമായ കാരണമെന്നും ആയത് ടിയാൻ അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ സമ്മതിച്ചിട്ടുള്ളതാണെന്നും ടിയാന് ഭാവിയിൽ മറ്റൊരു ജോലി ലഭിക്കാൻ പ്രായപരിധി കഴിഞ്ഞതിനാൽ സാദ്ധ്യതയില്ല എന്നും സസ്പെൻഷന് ശേഷം ശ്രീ.ശിവദാസൻ ഏതെങ്കിലും വ്യക്തിയിൽ നിന്നും പണം കൈപ്പറ്റിയത് സംബന്ധിച്ച് പരാതി ലഭിച്ചതായി കാണുന്നില്ല എന്നും മാനേജർ നൽകിയ പരമാവധി ശിക്ഷയായ ജോലിയിൽ നിന്നുള്ള പിരിച്ചുവിടൽ അംഗീകരിക്കാൻ കഴിയില്ല എന്നുമുള്ള നിലപാട് സ്വീകരിച്ച് ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള മാനേജരുടെ ആവശ്യം നിരസിച്ചു.

11. പണം തട്ടിപ്പ് പണാപഹരണം എന്നീ തെളിയിക്കപ്പെട്ട ഗുരുതരമായ കുറ്റങ്ങൾ വെളിപ്പെടുമ്പോൾ അർഹതപ്പെട്ട ശിക്ഷ നൽകേണ്ടതാണെന്നും ഇത്തരം കേസ്സുകളിൽ ഉത്തരവ് പുറപ്പെടുവിക്കേണ്ട അധികാരസ്ഥാനം ശിക്ഷ നൽകുന്ന വിഷയത്തിൽ ധാർമ്മികമായ കടമ നിറവേറ്റേണ്ടതാണെന്നും ഉദാസീനതയോടെയും ലാഘവ മനോഭാവത്തോടെയും കുറ്റകൃത്യങ്ങൾ കാണാൻ പാടില്ല എന്നും കുറ്റവാളിയോട് കരുണയോ സഹതാപമോ കാണിക്കാൻ പാടില്ല എന്നും V.Narayanan Namboothiri Vs. State of Kerala WA No.754/83 റിട്ട് അപ്പീലിലെ ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ 13.02.1986ലെ വിധിന്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

ഗുരുതരമായ കുറ്റകൃത്യങ്ങൾ നടത്തിയതിലൂടെ സ്വന്തം വിശ്വാസ്യത തന്നെ എന്നേക്കുമായും നഷ്ടപ്പെടുത്തിയ സ്കൂൾ ജീവനക്കാരനായ ശ്രീ.ശിവദാസന് സർവ്വീസിൽ തുടരാൻ യോഗ്യതയില്ലാത്തതിനാൽ ടിയാൻ സഹതാപത്തിന്റെയോ അനുകമ്പയുടെയോ ആനുകൂല്യം അർഹിക്കുന്നുമില്ല. ആയതിനാൽ, ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ടുള്ള മാനേജരുടെ ഉത്തരവ് അംഗീകരിച്ചും തദനുസൃതമായ നിർദ്ദേശം ബന്ധപ്പെട്ട വിദ്യാഭ്യാസ അധികൃതർക്ക് നൽകിയും ബഹു.കോടതി വിധിന്യായം നടപ്പാക്കണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

<u>ശ്രീ.ശിവദാസൻ</u>

12. 17/09/2000 മുതൽ നാളിതുവരെയായി സസ്പെൻഷനിൽ തുടർന്നു വരുന്ന ഒരു ജീവനക്കാരനാണ് താൻ. സ്വാർത്ഥ സാമ്പത്തിക ലാഭത്തിന് നിയമവിരുദ്ധമായി പണം കൈപ്പറ്റി എന്ന് ആരോപിച്ചുകൊണ്ടാണ് സ്കൂൾ മാനേജ്മെന്റ് സസ്പെൻഡ് ചെയ്തിട്ടുള്ളത്. കേരള വിദ്യാഭ്യാസ ചട്ടങ്ങളും നിയമങ്ങളും അനുശാസിക്കും പ്രകാരം തന്നെ ജോലിയിൽ തിരികെ പ്രവേശിപ്പിച്ച ശേഷം തനിക്കെതിരെയുള്ള അച്ചടക്ക നടപടിക്രമം പൂർത്തീകരിക്കണമെന്ന് കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ എന്നീ വകുപ്പ് മേലധികാരികൾ തനിക്കെതിരെയുള്ള ആരോപണങ്ങളുടെ നിജസ്ഥിതി വിശദമായി പരിശോധിച്ചതിനുശേഷം ജോലിയിൽ പുനപ്രവേശിപ്പിക്കുന്നതിന് ഉത്തരവായിട്ടും ആയതിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്ന യാതൊരു നടപടിയും മാനേജ്മെന്റ് നാളിതുവരെയും സ്വീകരിച്ചിട്ടില്ല .

13. വിദ്യാഭ്യാസ വകുപ്പ് മേലധികാരികളുടെ ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയില്ല എന്നുമാത്രമല്ല നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും മറികടന്ന് ധിക്കാരപൂർവ്വം തന്നെ സേവനത്തിൽ നിന്നും പിരിച്ചുവിട്ടുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്ന നടപടിയാണ് മാനേജ്മെന്റ് സ്വീകരിച്ചിട്ടുള്ളത്. സ്കൂൾ മാനേജ്മെന്റിന്റെ ഈ നടപടി യാതൊരു വിധത്തിലും നീതീകരിക്കാനാവാത്ത വിധം നിയമവിരുദ്ധവും മനുഷ്യത്വരഹിതവുമാണെന്ന് ജില്ലാ വിദ്യാഭ്യാസ ആഫീസർ ബോധ്യപ്പെടുംവിധം കണ്ടെത്തി നിരസിച്ചപ്പോൾ സ്കൂൾ മാനേജ്മെന്റ് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കുകയും ആയതു സമയബന്ധിതമായി നടപ്പിലാക്കുവാൻ നിർദ്ദേശം നടക്കണമെന്നാവശ്യപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ 28897/22/സി. നമ്പറായി റിട്ട് ഫയൽ ചെയ്തു. പ്രസ്തുത റിട്ട് ഹർജിയിന്മേലുണ്ടായ വിധിന്യായത്തിൽ ഒരു മാസത്തിനകം ഇക്കാര്യത്തിന് നിയമാനുസൃത നടപടി സ്വീകരിച്ച് തീർപ്പാക്കുവാൻ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകി.

14. പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർ ഹിയറിംഗ് നടത്തിയിരുന്നു. ഒരു എയ്ഡഡ് സ്കൂൾ ജീവനക്കാരനായ തന്നെ ആറുമാസത്തിലധികം കാലം സസ്പെൻഷനിൽ നിർത്താനുള്ള സാഹചര്യം നിലവിലില്ലെന്ന ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തൽ വിദ്യാഭ്യാസ ഉപഡയറക്ടർ പ്രഥമദൃഷ്ട്യാ അംഗീകരിക്കുകയായിരുന്നു. ആയത് സ്കൂൾ മാനേജ്മെന്റിനെ രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുമുണ്ട്. തനിക്കെതിരെയുള്ള അച്ചടക്ക നടപടി കാലതാമസം വരുത്താതെ പൂർത്തീകരിക്കുന്നതിന് സസ്പെൻഷൻ പിൻവലിച്ച് തന്നെ ജോലിയിൽ പുനപ്രവേശിപ്പിക്കണമെന്ന് ഉത്തരവായി.

15. എന്നാൽ, ഈ ഉത്തരവിലെ നിർദ്ദേശാനുസരണം സസ്പെൻഷൻ റദ്ദ് ചെയ്ത് ജോലിയിൽ പുനപ്രവേശിപ്പിക്കുകയും തനിക്കെതിരെയുള്ള അച്ചടക്ക നടപടികൾ പൂർത്തീകരിക്കുകയും ചെയ്യുന്നതിന് പകരം വൈരാഗ്യ ബുദ്ധിയോടെ മാനേജ്മെന്റ് തന്നെ ജോലിയിൽ നിന്നും പിരിച്ചുവിട്ടുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. ഈ നടപടിയിൽ നിയമസാധ്യതയില്ലെന്നും കേവലം എഫ്.ടി.എം ആയ തന്റെ വരുമാനം കൊണ്ടാണ് കുടുംബം പുലർന്നു പോകുന്നതെന്നും സസ്പെൻഷൻ കാലത്ത് മറ്റാരും തനിക്കെതിരെ യാതൊരു പരാതിയും ഉന്നയിച്ചിട്ടില്ലെന്നും പ്രായപരിധി കഴിഞ്ഞതിനാൽ വേറെ ജോലി ലഭിക്കാൻ സാധ്യതയില്ലെന്നും വിശദമാക്കിയിട്ടുണ്ട്.

16. കേരള വിദ്യാഭ്യാസ ചട്ടങ്ങളും നിയമങ്ങളും അധ്യായം XIV A ചട്ടം 67(9) പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവ് നടപ്പിലാക്കാതെ സ്കൂൾ മാനേജ്മെന്റ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി യിൽ പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്തിരിക്കുന്നു 17/09/2020-ന് സേവനത്തിൽ നിന്നും സസ്പെൻഷനിലായ താൻ മാനേജ്മെന്റിന്റെ അന്യായവും, ധിക്കാരപൂർവ്വവുമായ നടപടികളാൽ ജോലിയിൽ നിന്നും മാറ്റിനിർത്തപ്പെട്ടിരിക്കുകയാണ്, കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്കും നിയമങ്ങൾക്കും മറ്റനുബന്ധ നിയമങ്ങൾക്കും, സർക്കാർ ഉത്തരവുകൾക്കും, വിദ്യാഭ്യാസ മേലധികാരികളുടെ നിർദ്ദേശങ്ങൾക്കും, സർക്കുലറിനും വിധേയമായി ജില്ലാ വിദ്യാഭ്യാസ ആഫീസറും, വിദ്യാഭ്യാസ ഉപഡയറക്ടറും പുറപ്പെടുവിച്ച ഉത്തരവും നടപ്പിലാക്കിയില്ല.

17. മേൽപ്പറഞ്ഞ വസ്തുതകൾ നിയമാനുസൃതം പരിശോധിച്ചശേഷം ഈ കാര്യം അനുഭാവപൂർവ്വം പരിഗണിച്ച് ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ തുടങ്ങിയ വകുപ്പ് മേലധികാരികൾ ഈ കാര്യത്തിൽ സ്വീകരിച്ച നടപടികൾ നിലനിർത്തികൊണ്ടും സ്കൂൾ മാനേജ്മെന്റിന്റെ നിയമവിരുദ്ധവും അന്യായവുമായ നടപടികളും ഉത്തരവുകളും റദ്ദുചെയ്തും തന്നെ ജോലിയിൽ പുനപ്രവേശിപ്പിക്കുവാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും വിദ്യാഭ്യാസ ഉപഡയറക്ടർക്കും നിർദ്ദേശം നൽകി ഉത്തരവാകണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

<u>പൊതുവിദ്യാഭ്യാസ ഡയറക്ടർ</u>

18. സാമൂതിരി ഹയർ സെക്കൻഡറി സ്കൂളിലെ എഫ്ടി.എംആയ ശ്രീ.കെ.ശിവദാസനെ അനധികൃതമായി പണം കൈപ്പറ്റി എന്ന ആരോപണവുമായി ബന്ധപ്പെട്ട് 17.09.2020 മുതൽ വേലവിലക്ക് ഏർപ്പെടുത്തുകയും, കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രാഥമിക അന്വേഷണം നടത്തി വേലവിലക്കിന് ആധാരമായി ഉന്നയിച്ച ആരോപണത്തിൽ കഴമ്പുണ്ടെന്ന് കണ്ട് വേലവിലക്ക് 15 ദിവസത്തിലധികം ദീർഘിപ്പിക്കുന്നതിന് അനുമതി നൽകുകയും ചെയ്തു. പിന്നീട് കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ 24.02.2021 ന് സാമൂതിരി ഹൈസ്കൂളിൽ വെച്ച് ഇക്കാര്യത്തിൽ വിശദാന്വേഷണം നടത്തുകയും, കുറ്റപത്രത്തിൽ ഉന്നയിക്കപ്പെട്ട എല്ലാ ആരോപണങ്ങളും തെളിയിക്കപ്പെട്ടതിനാൽ ശ്രീ.ശിവദാസനെതിരെ കെ.ഇ.ആർ അദ്ധ്യായം XIV എ ചട്ടം 75 പ്രകാരം ശിക്ഷാ നടപടികൾ ആരംഭിക്കാൻ മാനേജർക്ക് അനുമതി നൽകുകയും ചെയ്തു. എന്നാൽ ഈ കേസിൽ കെ.ഇ.ആർ അദ്ധ്യായം XIVഎ ചട്ടം 67(9) പ്രകാരം വേലവിലക്ക് കാലം 6 മാസത്തിൽ കൂടുതൽ കാലത്തേക്ക് ദീർഘിപ്പിക്കുന്നതിന് യഥാസമയം മാനേജർ അപേക്ഷ സമർപ്പിക്കുകയോ, കേസ് റിവ്യൂ ചെയ്ത് ശ്രീ.ശിവദാസനെ വേലവിലക്കിൽ നിർത്തുന്നതിന് വകുപ്പിന്റെ അനുമതി വാങ്ങുകയോ ചെയ്തിട്ടില്ല. പിന്നീട് ഒരു വർഷം കഴിഞ്ഞതിനു

ശേഷം 26.10.2021 ലെ കത്ത് പ്രകാരം വേലവിലക്ക് കാലം 6 മാസത്തിൽ കൂടുതൽ ദീർഘിപ്പിക്കുന്നതിന് അനുമതി നൽകണമെന്ന് സൂചിപ്പിച്ച് മാനേജർ സമർപ്പിച്ച അപേക്ഷ നിരസിക്കുകയും, നിലവിലെ ചട്ടങ്ങൾക്ക് അനുസൃതമായി അച്ചടക്ക നടപടി പൂർത്തീകരിക്കുന്നതിന് മാനേജർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. എന്നാൽ ഈ നിർദ്ദേശം അംഗീകരിക്കുന്നതിന് പകരം മാനേജർ ബഹു. ഹൈക്കോടതിയിൽ WP(C) No.3533/22 നം. കേസ് ഫയൽ ചെയ്യുകയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിനെതിരെ താൽക്കാലികമായി സ്റ്റേ വാങ്ങുകയും, പിന്നീട് 07.11.2022 ലെ ബഹു. കോടതി ഉത്തരവ് പ്രകാരം കേസിൽ സ്റ്റേ തുടർന്നും, അച്ചടക്കനടപടി തുടരുന്നതിനും ഉത്തരവാകുകയും ചെയ്തു. തുടർന്ന്,09.02.2022ന് ശ്രീ.ശിവദാസനെ സേവനത്തിൽ നിന്നും പിരിച്ചു വിടാനുള്ള നോട്ടിസ് മാനേജർ നൽകി തുടർന്ന് മാനേജരുടെ 09.03.2022 ലെ ഉത്തരവ് പ്രകാരം ശ്രീശിവദാസ് കെ.യെ കെ.ഇ.ആർ അദ്ധ്യായം XIV എ റൂൾ 65(5) (vi) പ്രകാരം വേലവിലക്ക് ഏർപ്പെടുത്തിയ 17.09.2020 മുതൽ സേവനത്തിൽ നിന്നും പിരിച്ചു വിടുകയും, ഈ ഉത്തരവ് കെ.ഇ.ആർ അദ്ധ്യായം XIV എ റൂൾ 74 പ്രകാരം കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അനുമതിക്ക് വിധേയമായിരിക്കും എന്ന് വ്യക്തമാക്കുകയും ചെയ്തു. ശ്രീ.ശിവദാസൻ 22.02.2022 ന് നോട്ടീസ് കൈപ്പറ്റിയിട്ടുള്ളതും നോട്ടീസിൽ സൂചിപ്പിച്ച 7 ദിവസത്തിനുള്ളിൽ രേഖാമൂലം ശ്രീ.ശിവദാസ് മറുപടി സമർപ്പിച്ചിട്ടില്ലാത്തതിനാൽ നോട്ടീസിൽ നിർദ്ദേശിച്ച ശിക്ഷ ടിയാൻ അംഗീകരിച്ചതായി വ്യക്തമാക്കികൊണ്ട് ശിക്ഷ നടപ്പിലാക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ, ശ്രീ.ശിവദാസ് മാനേജരുടെ നോട്ടീസിന് മറുപടി നേരിട്ട് ഏൽപ്പിച്ചതായി അറിയിച്ചിട്ടുണ്ട്

19. കെ.ഇ.ആർ അദ്ധ്യായം XIV എ റൂൾ 7 5 പ്രകാരം ഒരു ജീവനക്കാരനെതിരെ Major Punishment സ്വീകരിക്കുന്നതിന് അനുശാസിക്കുന്ന നടപടിക്രമങ്ങൾ ഈ വിഷയത്തിൽ സ്വീകരിച്ചതായി കാണുന്നില്ല. കൂടാതെ, ജീവനക്കാരനെതിരെ പരമാവധി ശിക്ഷ നടപ്പിലാക്കുന്നതിന് മുൻപ് നൽകിയ നോട്ടീസിൽ മറുപടി സമർപ്പിക്കുന്നതിന് 7 ദിവസം മാത്രമാണ് സമയം അനുവദിച്ചിട്ടുള്ളതെന്നും, പ്രസ്തുത സമയത്തിനകം മറുപടി സമർപ്പിച്ചിട്ടില്ലായെന്ന കാരണം ചൂണ്ടിക്കാട്ടി മാനേജർ ശിക്ഷ നടപ്പിലാക്കുകയും ചെയ്തതായി കാണുന്നു. ഒരു ജീവനക്കാരനെതിരെ കെ.ഇ.ആർ അദ്ധ്യായം XIVഎ ചട്ടം 7 5 പ്രകാരം പരമാവധി ശിക്ഷ നടപ്പിലാക്കുന്നതിനു മുൻപ് ചട്ടപ്രകാരം സ്വീകരിക്കേണ്ട നടപടികൾ മാനേജർ സ്വീകരിച്ചിട്ടുണ്ടോയെന്നത് പരിശോധിക്കേണ്ടതാണ്.

20. ശ്രീ.ശിവദാസനെ സേവനത്തിൽ നിന്നും പിരിച്ചുവിട്ട മാനേജരുടെ 09.03.2022ലെ ഉത്തരവിന് റിട്ട് ഹർജി നം. 3533/22 കേസിൽ സ്റ്റേ നിലനിൽക്കുന്ന സാഹചര്യത്തിൽ കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുമതി നൽകിയിരുന്നില്ല. ഇതിനെതിരെ മാനേജർ ബഹു.ഹൈക്കോടതിയിൽ റിട്ട് ഹർജി നം.28897/22 ഫയൽ ചെയ്യുകയും, പ്രസ്തുത കേസിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 07.11.2022ലെ വിധിന്യായം പ്രകാരം ഇക്കാര്യത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടറോട് തീരുമാനമെടുക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. മാനേജർ നൽകിയ പരമാവധി ശിക്ഷയായ ജോലിയിൽ നിന്നുള്ള പിരിച്ചുവിടൽ അംഗീകരിക്കാൻ കഴിയില്ലായെന്നും, ശ്രീ.ശിവദാസ്.കെ.യുടെ ഭാഗത്ത് നിന്നും ഉണ്ടായ വീഴ്ചകൾ കൃത്യമായി പരിശോധിച്ച് കെ.ഇ.ആർ ചട്ടപ്രകാരമുള്ള ആനുപാതിക ശിക്ഷ നടപ്പിലാക്കാൻ മാനേജർക്ക് നിർദ്ദേശം നൽകികൊണ്ട് അപേക്ഷ നിരസിച്ച് കൊണ്ട് ബഹു. ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് നൽകിയിട്ടുള്ളതാണ് എന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു

<u>വിദ്യാഭ്യാസ ഉപഡയറക്ടർ, കോഴിക്കോട്.</u>

21. സാമൂതിരി ഹയർ സെക്കന്ററി സ്കൂളിലെ എഫ്.ടി.എം. ശ്രീ.കെ.ശിവദാസനെ അനധികൃതമായി പണം കൈപ്പറ്റി എന്ന ആരോപണവുമായി ബന്ധപ്പെട്ട് വേലവിലക്ക് ഏർപ്പെടുത്തുകയും തുടർന്ന് അച്ചടക്ക നടപടി പൂർത്തീകരിച്ച് കൊണ്ട് സേവനത്തിൽ നിന്നും നീക്കം ചെയ്ത് കൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് അംഗീകരിക്കാത്ത നടപടിക്കെതിരെയാണ് മാനേജർ റിട്ട് ഹർജി നം. 6739/2023 ഫയൽ ചെയ്തിട്ടുള്ളത്.

22. മാനേജരുടെ 09.03.2022 ലെ ഉത്തരവ് പ്രകാരം ശ്രീ.ശിവദാസ്.കെയെ കെ.ഇ.ആർ അദ്ധ്യായം XIV എ റൂൾ 65 (5) (vi) പ്രകാരം വേലവിലക്ക് ഏർപ്പെടുത്തിയ 17.09.2020 മുതൽ സേവനത്തിൽ നിന്നും പിരിച്ചു വിടുകയും, ടി ഉത്തരവ് കെ.ഇ.ആർ അദ്ധ്യായം XIV എ റൂൾ 74 പ്രകാരം കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അനുമതിയ്ക്ക് വിധേയമായിരിക്കും എന്ന് വ്യക്തമാക്കുകയും ചെയ്തു. 22.02.2022 ന് ശ്രീ.ശിവദാസൻ നോട്ടീസ് കൈപ്പറ്റിയതായും നോട്ടീസിൽ സൂചിപ്പിച്ച 7 ദിവസത്തിനുള്ളിൽ രേഖാമൂലം ശ്രീ.ശിവദാസ് മറുപടി സമർപ്പിച്ചിട്ടില്ലാത്തതിനാൽ നിർദ്ദേശിച്ച ശിക്ഷ ടിയാൻ അംഗീകരിച്ചതായി വ്യക്തമാക്കികൊണ്ട് ശിക്ഷ നടപ്പിലാക്കുകയാണ് ചെയ്തിട്ടുള്ളതെന്ന് കാണുന്നു.

<u>ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോഴിക്കോട്</u>

23. ശ്രീകെ.ശിവദാസനെതിരെയുള്ള ആരോപണം പ്രാഥമിക അന്വേഷണ വേളയിലും വിശദാന്വേഷണ വേളയിലും തെളിയിക്കപ്പെട്ടിരിക്കുന്നു. സാമൂതിരി ഹൈസ്കൂളിൽ ജോലി തരപ്പെടുത്തി തരാമെന്ന് പറഞ്ഞ് 2 പേരെ കബളിപ്പിച്ച് പണം കൈപ്പറ്റിയതായി ശ്രീ.ശിവദാസൻ തുറന്ന് സമ്മതിച്ചതാണ്. ആയതിനാൽ ഗുരുതരമായ അച്ചടക്കലംഘനമാണ് നടത്തിയിട്ടുള്ളത്. കുറ്റപത്രത്തിൽ ഉന്നയിക്കപ്പെട്ട എല്ലാ ആരോപണങ്ങളും തെളിയിക്കപ്പെട്ടതിനാൽ ശ്രീ.ശിവദാസനെതിരെ കെ.ഇ.ആർ അദ്ധ്യായം XIV എ ചട്ടം 75 പ്രകാരം ശിക്ഷാനടപടികൾ ആരംഭിക്കാൻ മാനേജർക്ക് അനുമതി നൽകി.

24. മാനേജർ സസ്പെൻഡ് ചെയ്ത് ആറുമാസത്തിൽ കൂടുതൽ കാലത്തേക്ക് സസ്പെൻഷനിൽ തുടരേണ്ടിവരുന്ന കേസുകളിൽ റിവ്യൂ ചെയ്യുകയും ടിയാൻ സസ്പെൻഷനിൽ തുടരണോ വേണ്ടയോ എന്നതിൽ പെട്ടെന്ന് തീരുമാനമെടുക്കേണ്ടതുണ്ട്. എന്നാൽ ഈ കേസിൽ ആയത് പാലിക്കപെട്ടിട്ടില്ല. വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടിക്രമം പ്രകാരം സസ്പെൻഷൻ കാലയളവ് ദീർഘിപ്പിയ്ക്കുന്നതിനുള്ള അപേക്ഷ നിരസിക്കുകയും നിലവിലെ ചട്ടങ്ങൾക്ക് അനുസൃതമായി അച്ചടക്ക നടപടി പൂർത്തീകരിക്കുന്നതിന് മാനേജർക്ക് നിർദ്ദേശം നൽകിയും ഉത്തരവായി.

25. സർക്കാർ ഈ വിഷയം നിലവിലെ വിദ്യാഭ്യാസ ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും ഹിയറിംഗിൽ ഉന്നയിച്ച വാദഗതികളുടെയും അടിസ്ഥാനത്തിൽ വിശദമായി

പരിശോധിച്ചു.

26. 17.09.2020 മുതൽ കെ.ഇ.ആർ ചട്ടം 67 (1) പ്രകാരം വേല വിലക്കിൽ തുടരുന്ന കോഴിക്കോട്, ചാലപ്പുറം , സാമോറിൻസ് ഹയർ സെക്കന്ററി സ്കൂളിലെ എഫ്.ടി.എം ആയ ശ്രീ.ശിവദാസന്റെ സസ്പെൻഷൻ മാനേജർ ദീർഘിപ്പിച്ച് നൽകുകയോ റിവ്യൂ ചെയ്യുകയോ ചെയ്തിട്ടില്ല. മാത്രമല്ല, ടിയാന്റെ സസ്പെൻഷൻ ദീർഘിപ്പിക്കുന്നതിനുള്ള മാനേജരുടെ അപേക്ഷ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ നിരസിച്ചതിനു ശേഷവും മാനേജർ ടിയാനെ സർവീസിൽ പുന: പ്രവേശിപ്പിക്കാതെ അനധികൃത സസ്പെൻഷനിൽ നിർത്തിയിരിക്കുന്നു. ആയത് കെ.ഇ.ആർ ചട്ടം 67(8 A) യുടെ ലംഘനമാണ്. ശ്രീ.ശിവദാസനെതിരെ കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 75 പ്രകാരം മാനേജർ സ്വീകരിച്ചു വരുന്ന അച്ചടക്ക നടപടിയുടെ ഭാഗമായി കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ നടത്തിയ ഔപചാരിക അന്വേഷണ റിപ്പോർട്ടിനൊപ്പം കെ.ഇ.ആർ ചട്ടം 75(9) പ്രകാരമുള്ള രേഖകൾ ഉൾക്കൊള്ളിച്ചിട്ടുള്ളതായി കാണാത്തതിനാലും അച്ചടക്ക നടപടി ക്രമപ്രകാരമല്ലെന്ന് കാണുന്നു.

27. സർക്കാർ ഇക്കാര്യം പരിശോധിച്ചു. 17.09.2020 മുതൽ വേലവിലക്കിൽ തുടരുന്ന കോഴിക്കോട്, ചാലപ്പുറം , സാമോറിൻസ് ഹയർ സെക്കന്ററി സ്കൂളിലെ എഫ്.ടി.എം ആയ ശ്രീ.ശിവദാസനെ എത്രയും പെട്ടെന്ന് സർവ്വീസിൽ പുനർനിയമിച്ച് അച്ചടക്ക നടപടി പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം മാനേജർക്ക് നല്കുവാൻ കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കി അപ്രകാരം റിട്ട് ഹർജി യിലെ ബഹു. ഹൈക്കോടതിയുടെ പരാമർശം(1) ലെ വിധിന്യായം പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം(ആമുഖ കത്ത് സഹിതം)
മാനേജർ, സാമോറിൻസ് ഹയർ സെക്കന്ററി സ്കൂൾ, ചാലപ്പുറം, കോഴിക്കോട്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, കോഴിക്കോട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോഴിക്കോട്.
ശ്രീ.ശിവദാസൻ.ടി,സൗപർണ്ണിക, കണ്ടുപറമ്പ്, ഇരഞ്ഞിക്കൽ പി.ഒ, കോഴിക്കോട്.679587.
വിവരപൊതുജനസമ്പർക്ക(വെബ്&ന്യൂമീഡിയ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 02-07-2024 15:51:12

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിയുടെ പി.എസിന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എയ്ക്ക്.